**"ഭരണഭാഷ– മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ്– നീണ്ടകര ഫിഷിംഗ് ഹാർബർ ബേസിനിൽ ഡ്രഡ്ജ് ചെയ്തിട്ടിരിക്കുന്ന മണ്ണ് കൊണ്ടുപോകുന്നതിന് കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.112/2019/മ.തു.വ** തീയതി,തിരുവനന്തപുരം, 12/02/2019

---

പരാമർശം:– 1 കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് മനേജിംഗ് ഡയറക്ടറുടെ 10.07.2018 ലെ KMML/MS/NKFH/04 നമ്പർ കത്ത്.

2 ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 12.09.2018, 22.12.2018 തീയതികളിലെ ഡി2/9383/11/സിഇ നമ്പർ കത്ത്.

3 കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 01.10.2018 ലെ KMML/MS/NKFH/05 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

നീണ്ടകര ഫിഷിംഗ് ഹാർബർ ബേസിനിൽ ഡ്രഡ്ജ് ചെയ്തിട്ടിരിക്കുന്ന മണ്ണ് കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് പരിശോധിക്കുകയും സാമ്പിൾ മണ്ണിൽ കണ്ടെത്തിയ കരിമണലിന്റെ അംശം കുറവായതിനാൽ സൗജന്യമായി മണ്ണ് നൽകണമെന്ന് കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് പരാമർശം (1) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

2) 2012–ൽ മിനറൽ സാന്നിദ്ധ്യം കണ്ടെത്തിയതിനെ തുടർന്ന് നീണ്ടകര ഫിഷിംഗ് ഹാർബറിൽ ഡ്രഡ്ജ് ചെയ്തിട്ടിരുന്ന മണ്ണ് എടുക്കുന്നതിന് ഇന്ത്യൻ റെയർ

എർത്ത് ലിമിറ്റഡ് ഒരു ഘനമീറ്ററിന് 1404/ രൂപ + നികുതി എന്ന നിരക്കിൽ നൽകിയിരുന്നുവെന്നും നീണ്ടകരയിലെ താഴ്ന്ന പ്രദേശത്ത് താമസിക്കുന്ന തദ്ദേശീയർക്ക് ഒരു ഘന മീറ്ററിന് 185/-രൂപ എന്ന നിരക്കിലാണ് മണ്ണ് നൽകുന്നത് എന്നും തോട്ടപ്പള്ളി ഹാർബറിൽ ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡ് സ്വന്തം ചെലവിൽ ഡ്രഡ്ജ് ചെയ്യുകയും കൂടാതെ ഡ്രഡ്ജ് ഡ് സ്പോയിലിന് ഒരു ഘനമീറ്ററിന് 492/m3 രൂപാ നിരക്കിലും കായംകുളം ഹാർബറിൽ ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡ് തന്നെ സ്വന്തം ചെലവിൽ ഡ്രഡ്ജിംഗ് നടത്തി മണലിന് വില നൽകി കൊണ്ടുപോകുകയും ചെയ്യുന്നതിനാൽ കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിന് 306.54 രൂപ/m3 നിരക്കിൽ നികുതി ഉൾപ്പെടെ ഡ്രഡ്ജ് ഡ് സ്പോയിൽ അനുവദിക്കാവുന്നതാണെന്നും മണ്ണ് നീക്കം ചെയ്യാത്തത് ഡ്രഡ്ജിംഗിനെ പ്രതികൂലമായി ബാധിക്കുമെന്നും ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പരാമർശം (2) പ്രകാരം അഭിപ്രായപ്പെട്ടിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 35000 m3 സോയിൽ ഡ്രഡ്ജ് ചെയ്യുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് ചെലവായ തുക കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് നൽകേണ്ടതാണെന്ന വ്യവസ്ഥയിൽ നീണ്ടകര ഹാർബറിൽ സൂക്ഷിച്ചിരിക്കുന്ന ഡ്രഡ്ജ് ഡ് സ്പോയിൽ 306.54 രൂപ /m3 എന്ന നിരക്കിൽ നികുതി ഉൾപ്പടെ കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിന് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഗിരിജ കുമാരി.ജി**
**ജോയിന്റ് സെക്രട്ടറി**

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്, ചവറ, കൊല്ലം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (Dev-3/249/2018-Fin പ്രകാരം)

ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ